

വാർത്താമാസിക

# ടൈംസ് ഓഫ് അമേരിക്ക

TIMES of AMERICA

2018 ഒക്ടോബർ

Volume X Issue 01


## ഗാന്ധി സ്പെഷ്യൽ


Times of America Online Monthly News Journal.
web:timesofamerica.org





Tel: 267-991-2111
e-mail:timesofamerica@yahoo.com


# മഹാത്മജിയുടെ 150–ാം ജന്മവർഷാഘോഷത്തിന് തുടക്കം



*ന്യൂഡൽഹി:* മഹാത്മാ ഗാന്ധിയുടെ നൂറ്റിയമ്പതാം ജന്മവർഷാഘോഷത്തിന് ഒക്ടോബർ 2ന് തുടക്കം.

ഇതിന്റെ മുന്നോടിയായി പ്രസിഡന്റ് രാം നാഥ് കോവിന്ദ് ലോഗോ പ്രകാശനം നിർവ്വഹിച്ചു. സാംസ്കാരിക വകുപ്പിന്റെ സ്വതന്ത്ര ചുമതല വഹിക്കുന്ന ഡോ.മഹേഷ് വർമ്മ, സാംസ്കാരിക സെക്രട്ടറി അരുൺ ഗോയൽ എന്നിവർ സന്നിഹിതരായിരുന്നു.

കേന്ദ്ര സാസ്കാരിക വകുപ്പ് വിപുലമായ ആഘോഷപരിപാടികൾ ആസൂത്രണം ചെയ്തു. സാമുദായിക സൗഹാർദ്ദത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള പരിപാടികൾക്കാണ് പ്രാധാന്യം നൽകുന്നതെന്ന് സാസ്കാരികവകുപ്പിന്റെ അറിയിപ്പിൽ പറയുന്നു. പ്രത്യേക പാർലമെന്റ് കൂടും.

യുവജനങ്ങളിൽ ഗാന്ധിയൻ ചിന്ത വളർത്തുക, അക്കാദമി തലങ്ങളിൽ സ്മാരകപ്രഭാഷണം നടത്തുക, വിവിധ രാജ്യങ്ങളിലെ ഇന്ത്യൻ കോൻസുലേറ്റുകളുടെ നേതൃത്വത്തിൽ പരിപാടികൾ നടത്തുക തുടങ്ങി ഒട്ടേറെ പദ്ധതികളാണ് നടപ്പിലാക്കുക.

ട്രെയ്നുകൾ, എയർ ഇന്ത്യ, ബസുകൾ, സർക്കാർ വെബ്സൈറ്റുകൾ, ഇ മെയിൽ, സർക്കാർ സ്റ്റേഷനറി, കലണ്ടർ, സർക്കാർ പരസ്യങ്ങൾ, ഡിജിറ്റൽ സിഗ്നേച്ചർ തുടങ്ങിയവയിൽ ലോഗോ പ്രദർശിപ്പിക്കും. ഇതിന്റെ ഭാഗമായി http://gandhi.gov.in ആരംഭിക്കും. ഗാന്ധിസാഹിത്യം, ഗാന്ധിയൻ ഫിലോസഫി, ഓഡിയോ, വീഡിയോ, അപൂർവ്വ ചിത്രങ്ങൾ എന്നിവ പോർട്ടലിൽ ഉണ്ടായിരിക്കും. സംഘടനകളുടെയും സാംസ്കാരിക പ്രസ്ഥാനങ്ങളുടെയും പരിപാടികൾ പോർട്ടലിൽ ഉൾപ്പെടുത്തുവാൻ കഴിയുന്ന വിധത്തിലാണ് രൂപം നൽകിയിട്ടുള്ളതെന്ന് സാംസ്കാരിക വകുപ്പിന്റെ അറിയിപ്പിൽ പറയുന്നു.

# മഹാത്മജിയുടെ 70–ാം രക്തസാക്ഷിത്വ വാർഷികാചരണം സംഘടിപ്പിക്കും

*തിരുവനന്തപുരം:* സാംസ്കാരിക വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, പുരാരേഖ- പുരാവസ്തു വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മഹാത്മ ഗാന്ധിയുടെ 70–ാം രക്തസാക്ഷിത്വ വാർഷികം രക്തസാക്ഷ്യം എന്ന പേരിൽ ആചരിക്കും. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സമുചിതമായി പരിപാടി സംഘടിപ്പിക്കുമെന്ന് സാംസ്കാരിക വകുപ്പ് മന്ത്രി എ.കെ.ബാലൻ പറഞ്ഞു.

പയ്യന്നൂർ, പാലക്കാട് ശബരി ആശ്രമം, തവനൂർ, വൈക്കം, വെങ്ങാനൂർ എന്നിവിടങ്ങളിൽ അഞ്ചുദിവസം വീതം നീണ്ടുനിൽക്കുന്ന വിപുലമായ ആചരണ പരിപാടികൾ സംഘടിപ്പിക്കും. ഉപ്പുസത്യാഗ്രഹത്തിന്റെ ഭാഗമായി പയ്യന്നൂരിലെ ആഘോഷപരിപാടികൾ സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 2 വരെ പയ്യന്നൂർ ഗാന്ധി പാർക്കിൽ നടക്കും. പ്രതിമ അനാഛാദനം, ദേശീയ സെമിനാർ, സാഹിത്യ സമ്മേളനം, അനുസ്മരണ സമ്മേളനം, പുസ്തക പ്രകാശനം തുടങ്ങിയ പരിപാടികൾ നടക്കും. 30ന് ദേശീയ സെമിനാർ ഡൽഹി ജെ.എൻ.യുവിലെ പ്രൊഫ. ഡോ. സതീഷ് പാണ്ഡെ ഉദ്ഘാടനം ചെയ്യും. ഒക്ടോബർ ഒന്നിന് സാഹിത്യസമ്മേളനം ടി. പത്മനാഭൻ ഉദ്ഘാടനം ചെയ്യും. 2ന് സമാപനസമ്മേളനം സാംസ്കാരിക വകുപ്പ് മന്ത്രി എ.കെ.ബാലൻ ഉദ്ഘാടനം ചെയ്യും. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ അധ്യക്ഷത വഹിക്കും. പയ്യന്നൂർ നഗരസഭ നിർമ്മാണം പൂർത്തിയാക്കിയ മഹാത്മാഗാന്ധിയുടെ പ്രതിമ അനാഛാദനം ചെയ്യും.

എല്ലാ ബ്ലോക്കുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ശുചീകരണ പ്രക്രിയയോടൊപ്പം ഒക്ടോബർ 2 മുതൽ 15 വരെ വിവിധപരിപാടികൾ സംഘടിപ്പിക്കും. ഗാന്ധി ജയന്തി ദിനമായ ഒക്ടോബർ 2 മുതൽ രണ്ടാഴ്ചക്കാലം പട്ടികജാതി വകുപ്പ് ഗാന്ധിജിയുടെ സന്ദേശം പ്രചരിപ്പിക്കാൻ ഐക്യദാർഢ്യ പക്ഷാചരണം സംഘടിപ്പിക്കും. സംസ്ഥാനതല ഉദ്ഘാടനം ഒക്ടോബർ 2ന് രാവിലെ കണ്ണൂർ ഡി.പി.സി.ഹാളിൽ പട്ടികജാതി മന്ത്രി എ.കെ.ബാലൻ നിർവ്വഹിക്കും. ജില്ലകളിൽ ശുചീകരണം ഉൾപ്പെടെയുള്ള പരിപാടികൾ നടക്കും. മന്ത്രി കടന്നപ്പള്ളി രാമചന്ദ്രനും വർത്താസമ്മേളനത്തിൽ സന്നിഹിതനായിരുന്നു.

# പ്രവാസിവരുമാനമാണ് കേരളത്തിന്റെ നട്ടെല്ല്

*മലപ്പുറം:* പ്രവാസി വരുമാനമാണ് കേരളത്തിന്റെ നട്ടല്ലെന്ന് കേരളസ്പീക്കർ പി. ശ്രീരാമകൃഷ്ണൻ. കേരള പ്രവാസി വെൽഫയർ ബോർഡ് മലപ്പുറം ലെയ്സൺ ഓഫീസ് ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രവാസികളുടെ കണ്ണീരും വേദനയുമാണ് സംസ്ഥാനത്തിന്റെ വളർച്ചയ്ക്ക് സഹായകമായത്. അവർക്കുവേണ്ടി പുനരധിവാസം ഉൾപ്പെടെയുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. പി. ഉബൈദുള്ള എം.എൽ.എ അദ്ധ്യക്ഷത വഹിച്ചു. പ്രവാസി ക്ഷേമബോർഡ് ചെയർമാൻ പി.ടി. കുഞ്ഞിമുഹമ്മദ്, ബാദുഷ കടലുണ്ടി, ഗീതാദേവി, പാലോളി അബ്ദുറഹ്മാൻ തുടങ്ങിയവർ പ്രസംഗിച്ചു.



ജനനം: 1869 ഒക്ടോബർ 2
മരണം: 1948 ജനുവരി 30

"ഇങ്ങനെ ഒരു മനുഷ്യൻ രക്തമാംസങ്ങളിൽ ഈ ഭൂമുഖത്ത് ജീവിച്ചിരുന്നുവെന്ന് ഭാവിതലമുറ വിശ്വസിച്ചെന്നുവരില്ല."

– *ആൽബർട്ട് ഐൻസ്റ്റീൻ.*

"ഇന്ത്യ മുഴുവൻ ആരാധിക്കുന്ന വിശുദ്ധമായൊരു വ്യക്തിത്വത്തിന്റെ ഉടമയാണ് ഗാന്ധിജി. അദ്ദേഹം സമരരംഗത്തുണ്ടെങ്കിൽ കപ്പലിന്റെ ഗതിയെക്കുറിച്ച് എനിക്കൊരു ഭയവുമില്ല. അത് ലക്ഷ്യത്തിലെത്തിച്ചേരുമെന്ന കാര്യത്തിൽ സംശയം ഇല്ല" – ടാഗോർ.

പ്രഭാഷണം



# ഗാന്ധിസ്മൃതി

■ഡോ. അലക്സാണ്ടർ ജേക്കബ്

ഗാന്ധിജിയുടെ പാദസ്പർശം ഉണ്ടാകുവാൻ മാവേലിക്കരയ്ക്കു ഭാഗ്യമുണ്ടായി. 1924ലെ വൈക്കം സത്യാഗ്രഹത്തിനുശേഷം മഹാത്മജി മാവേലിക്കരയിലെത്തുകയും തൃക്കണ്ടിയൂർ ക്ഷേത്രം സന്ദർശിച്ചിട്ട് അടുത്തുള്ള ഖദർ നിർമ്മാണത്തിനുവേണ്ടിയുള്ള വലിയ ഒരു ശാലയുടെ പ്രവർത്തന ത്തിനു തുടക്കം കുറിക്കുകയും ചെയ്തു. ആ മഹാനെപ്പറ്റി, മാവേലിക്കരയിൽ വെച്ച് ഗാന്ധിസ്മൃതി നടക്കുന്നത് വളരെ അർത്ഥവത്തായ ഒരു കാര്യമാണ്.

മഹാത്മജിയെപ്പറ്റി പഠിക്കുമ്പോൾ വളരെ ശ്രദ്ധേയമായ ചില കാര്യങ്ങൾ അറിഞ്ഞിരിക്കേണ്ടതുണ്ട്. 1869ലാണ് പോർബന്തറിൽ ജനിക്കുന്നത്. കത്തിയവാദിലെ രാജാവിന്റെ ദിവാനായിരുന്നു അദ്ദേഹത്തിന്റെ അച്ഛൻ. പ്രഗത്ഭമായ കുടുംബത്തിൽ ജനിച്ചു വളർന്നു. കൂലം കഷമായി കാര്യങ്ങൾ പഠിച്ചു. ചരിത്രത്തിൽ തല്പരനായിരുന്നു. വിവേകാനന്ദസ്വാമികളേക്കാൾ ആറു വയസ്സ് പ്രായക്കുറവായിരുന്നു മഹാത്മഗാന്ധിക്ക്. അദ്ദേഹത്തിന്റെ സമകാലീനരായ നിരവധിപ്പേർ പിന്നീട് രാഷ്ട്രനിർമ്മാണത്തിൽ വലിയ പങ്കുവഹിച്ചവരാണ്. പതിനെട്ട് വയസ്സ് കഴിഞ്ഞപ്പോൾ ഉപരിപഠനത്തിനായി ഇംഗ്ലണ്ടിലേക്ക് പോയി. അന്ന് ലിബറൽ എഡ്യുക്കേഷന്റെ ഭാഗമായി യൂറോപ്പ് വളരെ ഭംഗിയായി പരിലസിച്ചുകൊണ്ടിരിക്കുന്ന കാലമാണ്. മഹാത്മജി ഇംഗ്ലണ്ടിൽ പഠിക്കുന്ന കാലം ഓക്സ് ഫോർഡിനെ ഇളക്കിമറിച്ച ഒരു മഹാനുണ്ടായിരുന്നു. മാർക്സ് മുള്ളർ. ജർമനാണെങ്കിലും അദ്ദേഹം ഓക്സ്ഫോർഡിൽ വന്ന് പ്രഗത്ഭമായ 50 ഗ്രന്ഥങ്ങളുടെ സീരിസ് പ്രസിദ്ധീകരിച്ചു. 'സേക്രട്ട് ബുക്സ് ഓഫ് ഈസ്റ്റ്' എന്നായിരുന്നു അതിന്റെ പേര്. ഇടയ്ക്കൊക്കെ അതിലൂടെ കടന്നുപോകുന്നത് രസകരമായ ഒരുകാര്യമാണ്. പക്ഷെ, മാർക്സ് മുള്ളറുടെ ചരിത്രരചന ഇന്ത്യയുടെ ചരിത്രത്തെ വല്ലാത്ത രീതിയിൽ വ്യാഖ്യാനിച്ചുകൊണ്ടുള്ള ചരിത്രമായിരുന്നു.

ഇന്നത്തെ പ്രസംഗത്തിന്റെ സംഗതി അതാണ്. മാർക്സ് മുള്ളറിന്റെ ഓക്സ്ഫോർഡ് ബുക്സ് സീരിസ് ഇറങ്ങുമ്പോൾ ഗാന്ധിജി ബാർ അറ്റ് ലോയിൽ പഠിച്ചുകൊണ്ടിരിക്കുകയാണ്. മാർക്സ് മുള്ളറുടെ ഓക്സ്ഫോർഡ് പ്രസംഗം കേൾക്കുകയും ഗാന്ധിജിക്ക് പ്രത്യേകമായ ധാരണ ഉണ്ടാകുകയും ചെയ്തു. എന്നാൽ ഗാന്ധിജിതന്നെ സമ്മതിക്കുന്ന ഒരു കാര്യമുണ്ട്. ഇന്ത്യയുടെ ചരിത്രവും ഇന്ത്യയുടെ മഹത്വത്തെപ്പറ്റിയും സ്വന്തം വീട്ടിൽ പറഞ്ഞുകൊടുക്കാൻ ആളുണ്ടായിരുന്നില്ല. അദ്ദേഹം കേട്ടത് മുത്തശ്ശിയിൽ നിന്നും കുറെ പുരാണകഥകൾ മാത്രമാണ്. ആ പുരാണകഥകൾ പലതും ഇൽലോജിക്കായിരുന്നു. അതുകൊണ്ടുതന്നെ മഹാത്മജിക്ക് അതിന്റെ സാരാംശം മനസ്സിലായിരുന്നില്ല. ഇന്ത്യയുടെ വേദങ്ങളെപ്പറ്റി, ഉപനിഷത്തുക്കളെപ്പറ്റി ഗാന്ധിജിക്ക് രണ്ടാമതായി ധാരണ നൽകിയത് 'അൻ ടു ദ ലാസ്റ്റ്' എന്ന കൃതിയിലൂടെ മറ്റൊരു യൂറോപ്യനായ റസ്കിൻ ബോണ്ടായിരുന്നു. മാർക്സ് മുള്ളർ എന്ന ചെറുപ്പക്കാരനും റസ്കിൻ എന്ന ഇംഗ്ലീഷുകാരനും കൂടിയാണ് ഇന്ത്യയുടെ മഹത്തായ ഗ്രന്ഥങ്ങളെപ്പറ്റി ഒരു ദർശനം കൊടുത്തത്. ലിബറൽ തോട്ടിന്റെ ആശയങ്ങൾ വന്നത് അമേരിക്കയിൽനിന്നാണ്. അമേരിക്കയിൽ അന്ന് വളരെ പ്രസിദ്ധനായ ഹെൻറി തോറോ വാൾഡൻ പ്രസ്ഥാനം നടത്തുകയായിരുന്നു. അതിന്റെ ഭാഗമായി 'വാൾഡൻ' എന്ന പുസ്തകം പ്രസിദ്ധീകരിച്ചു. അമേരിക്കൻ സർക്കാർ കരം കൊടുക്കാൻ ആവശ്യപ്പെട്ടപ്പോൾ തോറോ പറഞ്ഞു, തരില്ലന്ന്. രാഷ്ട്രത്തിന്റെ ഒരു സഹായവുമില്ലാതെ വാൾഡൻ ദ്വീപിൽ കഴിയുകയാണ്. തനിക്ക് സർക്കാർ ഒന്നും ചെയ്തിട്ടില്ല. അതുകൊണ്ട് നികുതി നൽകുകയില്ല. നിസ് സഹരണപ്രസ്ഥാനത്തിന്റെ ബാലപാഠങ്ങൾ ഗാന്ധിജിക്ക് കിട്ടിയത് തോറോയിൽ നിന്നുമാണ്, കിട്ടേണ്ടിയിരുന്നത് ബുദ്ധഭഗവാനിൽനിന്നുമായിരുന്നു.

വിദേശവിദ്യാഭ്യാസം, സ്വതന്ത്രചിന്ത മാത്രല്ല, ഇന്ത്യയുടേതായ ചരിത്രഗതിയെപ്പറ്റിയും ഇന്ത്യയുടെ സംസ്കാരത്തെപ്പറ്റിയും വളരെ ശ്രദ്ധേയമായ തത്വങ്ങൾ ജർമൻകാരനായ മാർക്സ് മുള്ളറിൽനിന്നും റസ്കിൻ ബോണ്ടിൽനിന്നും തോറയിൽനിന്നും ലഭിച്ചിട്ടുള്ളതാണ്. ഇരുപത്തിരണ്ട് വയസ്സുള്ളപ്പോൾ, 1991ൽ, സൗത്താഫ്രിക്കയിലേക്ക് പോകുകയാണ്. അവിടെ കേസ് വാദിക്കാനായിട്ടാണ് പോകുന്നത്. വലിയ വർണ്ണവിവേചനമാണ് അവിടെയുണ്ടായിരുന്നത്. അതു നേരിട്ട് മനസ്സിലാക്കിയ മഹാത്മാഗാന്ധി ആഫ്രിക്കക്കാരേയും ഇന്ത്യാക്കാരേയും സംഘടിപ്പിച്ച് ബ്രിട്ടീഷുകാർക്കെതിരെ പ്രതിരോധപ്രസ്ഥാനം ഉണ്ടാക്കി. ഇംഗ്ലീഷുക്കാർക്കെതിരെ പ്രതിരോധപ്രസ്ഥാനം ഉണ്ടാക്കുമ്പോഴും ഉള്ളിൽ ഇംഗ്ലീഷിനോട് ഒരു ബഹുമാനം ഗാന്ധിജി സൂക്ഷിച്ചിരുന്നു. ബൂവാർ യുദ്ധത്തിലെ സന്നദ്ധസേവകനായി ഗാന്ധിജി ജോലി ചെയ്തിരുന്നു. വളരെ ശ്രദ്ധേയമായിട്ടുള്ള അഹിംസാ വാദത്തിൽ വിശ്വസിച്ചിരുന്ന ഗാന്ധിജി യുദ്ധത്തിൽ പങ്കെടുത്തു. ഡച്ചുകാരും ഇംഗ്ലീഷുകാരുമായിട്ടുള്ള യുദ്ധമാണ്. 20 വർഷത്തിനുള്ളിൽ ഒരുപാട് അനുഭവങ്ങളിലൂടെ കടന്നുപോയി. റെയിൽ വേയിൽ നിന്നും വലിച്ച് പുറത്തെറിയപ്പെട്ടു. പ്രധാന തെരുവിലൂടെ നടക്കാൻ അനുവദിച്ചില്ല. കറുത്തവനാണെന്ന് അധിക്ഷേപിക്കപ്പെട്ടു. അതിനുശേഷമാണ് നാല്പത്തിയാറാമത്തെ വയസ്സിൽ, 1915ൽ, മഹാത്മജി ഇന്ത്യയിലേക്ക് എത്തുന്നത്. നാല്പത്തിയാറ് വയസ്സ് എന്നു പറഞ്ഞാൽ മധ്യവയസ്കപ്രായം തീരുന്ന ഘട്ടമാണ്. ആ ഘട്ടത്തിലാണ് ഗാന്ധിജി ഇന്ത്യയിലേക്ക് എത്തുന്നത്. ഗോപാലകൃഷ്ണ ഗോഖലെയുടെ ക്ഷണപ്രകാരമാണ് അദ്ദേഹം ഇന്ത്യയിലെത്തുന്നത്. ഗോഖലെ പ്രായാധികൃത്തിലായിരുന്നു. അധികകാലം ജീവിച്ചിരിക്കയില്ലെന്ന് ഗോഖലേയ്ക്ക് അറിയാമായിരുന്നു. ഗോഖലെ ഗാന്ധിജിയോടു പറഞ്ഞു, നീ എന്റെ ശിഷ്യനും പിൻഗാമിയുമാകണം. നീ കോൺഗ്രസ് പ്രസ്ഥാനത്തിന്റെ തലപ്പത്ത് വരണം.

**ഇന്ത്യയുടെ ചരിത്രവും ഇന്ത്യയുടെ മഹത്വത്തെപ്പറ്റിയും സ്വന്തം വീട്ടിൽ പറഞ്ഞുകൊടുക്കാൻ ആളുണ്ടായിരുന്നില്ല. അദ്ദേഹം കേട്ടത് മുത്തശ്ശിയിൽ നിന്നും കുറെ പുരാണകഥകൾ മാത്രമാണ്. ആ പുരാണകഥകൾ പലതും ഇൽലോജിക്കായിരുന്നു. അതുകൊണ്ടു തന്നെ മഹാത്മജിക്ക് അതിന്റെ സാരാംശം മനസ്സിലായിരുന്നില്ല. ഇന്ത്യയുടെ വേദങ്ങളെപ്പറ്റി, ഉപനിഷത്തുക്കളെപ്പറ്റി ഗാന്ധിജിക്ക് രണ്ടാമതായി ധാരണ നൽകിയത് 'അൻ ടു ദ ലാസ്റ്റ്' എന്ന കൃതിയിലൂടെ മറ്റൊരു യൂറോപ്യനായ റസ്കിൻ ബോണ്ടായിരുന്നു.**

ഗോഖലെ ഗാന്ധിജിയോടു മൂന്നു ചോദ്യങ്ങൾ ചോദിച്ചു. നീ കോൺഗ്രസ് നേതാവായി ഇന്ത്യയ്ക്കുവേണ്ടി പട പൊരുതാൻ വരുമ്പോൾ നിനക്ക് ഇന്ത്യയെക്കുറിച്ച് എന്തറിയാം? ദിവാന്റെ വീട്ടിൽ ജനിച്ചുവളർന്ന, ആവശ്യത്തിനു പണം കണ്ടുവളർന്ന കുട്ടിയാണ്. നിനക്ക് ഇന്ത്യയിലെ ജനങ്ങളുടെ ദാരിദ്ര്യം അറിയാമോ? നിനക്ക് ഇന്ത്യയിലെ ജനങ്ങളുടെ വൈവിധ്യം അറിയാമോ? ഇതൊന്നുമറിയില്ലായെങ്കിൽ എങ്ങനെയാണ് ദേശീയപ്രസ്ഥാനത്തെ നയിക്കുക. ചോദ്യങ്ങളുടെ മുന്നിൽ ഗാന്ധിജി അസ്തപ്രജ്ഞനായി. ഗാന്ധിജി പറഞ്ഞു, ഞാൻ ഇപ്പോൾ ഈ സ്ഥാനം ഏറ്റെടുക്കുന്നില്ല. ഞാൻ ഇന്ത്യയെ കണ്ടെത്തിയിട്ട് മടങ്ങിവരാം. പത്തുമാസം ഇന്ത്യ മുഴുവൻ ചുറ്റിക്കറങ്ങി കണ്ടു. ഇന്ത്യയിലെ ജനങ്ങളുടെ ദാരിദ്ര്യം മനസ്സിലാക്കി. ഇന്ത്യയിലെ ജനങ്ങളുടെ സഹിഷ്ണുത മനസ്സിലാക്കി. ബ്രിട്ടീഷ് സാമ്രാജ്യം എങ്ങനെയാണ് കൊള്ളയടിച്ചതെന്ന് മനസ്സിലാക്കി. അങ്ങനെ മഹാത്മജി തിരിച്ചുവരികയും പിന്നീട് കോൺ ഗ്രസിന്റെ പ്രസിഡന്റ് സ്ഥാനം ഏറ്റെടുക്കുകയും ചെയ്തു. ആ വലിയ യാത്ര പിന്നീട് പണ്ഡിറ്റ് ജവാഹർലാൽ നെഹ്റുവിന് പ്രേരകശക്തിയായി മാറി. പണ്ഡിറ്റ് ജവാഹർലാൽ നെഹ്റു 'ഇന്ത്യയെ കണ്ടെത്തൽ' എന്ന പുസ്തകത്തിന് പേരു നൽകിയത് ഗാന്ധിജിയുടെ ഇന്ത്യയെ കണ്ടെത്തലിന്റെ ചരിത്രം മനസ്സിലാക്കിയതുകൊണ്ടാണ്.

1920ൽ കോൺഗ്രസിന്റെ നേതൃത്വം ഏറ്റെടുത്തശേഷം ഇന്ത്യയുടെ സ്വാതന്ത്ര്യസമരം പരിപൂർണ്ണമായി മാറുകയാണ്. 1857ൽ ഒന്നാം സ്വാതന്ത്ര്യസമരത്തിനുശേഷം ബ്രിട്ടീഷുകാർ ഇന്ത്യ പിടിച്ചടക്കി. പിന്നീട് തൊണ്ണൂറ് വർഷമാണ് സമഗ്രമായി ഇന്ത്യയെ ഭരിച്ചത്. പ്ലാസി യുദ്ധം കൂട്ടിയാൽ ആകെ ഭരിച്ചത് 190 വർഷം. ഇന്ത്യ പൂർണ്ണമായി നിയന്ത്രണത്തിലെത്തിയശേഷം ഭരിച്ചത് 90 വർഷംമാത്രം. ഈ തൊണ്ണൂറു വർഷത്തെ ചരിത്രത്തെ നാം വിഭജിക്കുന്നത് മൂന്നു ഭാഗമായിട്ടാണ്. 1857 മുതൽ 1885ൽ അലൻ ഒക്ടേവ് ഹ്യൂം കോൺഗ്രസ് സ്ഥാപിക്കുന്നതുവരെയുള്ള ഒന്നാം ഘട്ടം. ഈ 28 വർഷങ്ങളെ 'ദ സൈലൻസ് ഓഫ് ഇന്ത്യൻ റെസിസ്റ്റൻസ്' എന്നാണ് വിളിക്കുന്നത്. നിശബ്ദ എതിർപ്പുനിൽപ്പിന്റെ കാലം. 1885 മുതൽ 1915വരെ, ഗാന്ധിജി നേതൃത്വം ഏറ്റെടുക്കുന്നതുവരെ 30 വർഷങ്ങളാണ്. ആ മുപ്പതു വർഷങ്ങളെ 'ദ ബഡിങ് ഓഫ് നാഷണലിസം ഇൻ ഇന്ത്യ' എന്നാണ് അറിയപ്പെടുന്നത്. ദേശിയത മുളപൊട്ടിയ വർഷങ്ങൾ. 1915ൽ മഹാത്മജി ഇന്ത്യയിൽ വന്നതിനുശേഷം 1947വരെയുള്ള 32വർഷങ്ങൾ. 'ദ ഗാന്ധി ഇയേഴ്സ്' എന്നാണ് ഇക്കാലത്തെ വിളിക്കുന്നത്. മഹാത്മഗാന്ധിജിയുടെ വർഷങ്ങൾ. ആദ്യത്തെ ഇരുപത്തിയെട്ടു വർഷം നിശബ്ദമായിരുന്നു. പിന്നീടുള്ള 30 വർഷം പട്ടണപ്രദേശങ്ങളിലുള്ള വക്കീലന്മാരുടെ നേതൃത്വത്തിൽ പ്രവർത്തനാരംഭമായി. ഗാന്ധിജി നേതൃത്വം ഏറ്റെടുത്തശേഷം ബ്രിട്ടീഷ് സാമ്രാജ്യം ഇന്ത്യയിൽ നിന്നും കെട്ടുകെട്ടുന്നതിനുള്ള സാഹചര്യം ഉണ്ടായി.

ഗാന്ധിജിയെപ്പറ്റി പഠിക്കുമ്പോൾ ആദ്യമായി മനസ്സിലാക്കേണ്ടുന്ന ചില തത്വങ്ങളുണ്ട്. 'ദ ബേസിസ് ഓഫ് ഗാന്ധി' എന്നാണ് അതിനെ വിളിക്കുന്നത്. ചരിത്രപരമായി മനസ്സിലാക്കേണ്ടുന്ന ഒരു അപഗ്രഥനമാണത്.

ബ്രിട്ടീഷുകാർ ഇന്ത്യ പിടിച്ചത് ക്ലോക് വൈസ് ആയിട്ടാണ്. 1757ൽ ആദ്യം പ്ലാസി യുദ്ധത്തിൽ ബംഗ്ലാദേശും ആസാമും വെസ്റ്റ് ബംഗാളുമടങ്ങിയ ഒരു ഭൂപ്രദേശമാണ് പിടിച്ചെടുത്തത്. രണ്ടാമതായി, ഭരണം പിടിച്ചത് 1764ലെ ബക്സർ യുദ്ധത്തിനുശേഷം ബീഹാറും ഓറീസയുമാണ്. മൂന്നാമതായി ബ്രിട്ടീഷുകാർ ഇന്ത്യയുടെ ഭരണം പിടിച്ചത് തെക്കൻ പ്രദേശമാണ്. 1798ലെ ശ്രീരംഗയുദ്ധത്തിനുശേഷമാണ്. തെക്കേ ഇന്ത്യയിലെ ദ്രാവിഡ പ്രദേശങ്ങൾ പിടിച്ചടക്കി.

# ഗാന്ധിസ്മൃതി

**ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. ഇന്ത്യയിലുള്ള ഒരാളും ഇന്ത്യാക്കാരനല്ല. ബ്രിട്ടീഷുകാർ പറഞ്ഞുവച്ചതെന്താണ്? ഹിന്ദുക്കൾ കുറച്ചു നേരത്തെ വന്നു. ഞങ്ങൾ കുറച്ചു കഴിഞ്ഞുവന്നു. രണ്ടുപേരും പുറത്തുനിന്നും വന്നവരാണ്. മുസ്ലീങ്ങളും പുറത്തുനിന്നും വന്നവരാണ്. ഇങ്ങനെയൊരു തെറ്റായ ചരിത്രം ഉണ്ടാക്കി ഇന്ത്യാക്കാരെ ഇന്ത്യക്കാരല്ലാതാക്കുന്ന ഒരു പരിപാടി. അവിടെയാണ് മുഴുവൻ ജനവിഭാഗങ്ങളെയും ഒന്നിച്ചു കൊണ്ടുവരാനുള്ള ഗാന്ധിജിയുടെ ചരിത്രം അവതരിപ്പിക്കുന്നത്.**



പിന്നീട് പാശ്ചാത്യ പ്രദേശത്തേക്കു തിരിഞ്ഞു. 1818ലെ കിർക്ക് യുദ്ധത്തോടുകൂടി ഗുജറാത്തും മഹാരാഷ്ട്രയും അവർ കൈക്കലാക്കി. പിന്നീട് നേരെ പഞ്ചാബിലേക്കു തിരിഞ്ഞു. 1839വരെ കാത്തിരുന്നു. പഞ്ചാബിന്റെ സിംഹം എന്നു വിളിക്കുന്ന റാണ രൺജിത്ത് സിങാണ് പഞ്ചാബിന്റെ ഭരണാധികാരി. രൺജിത്ത് സിങിനോട് യുദ്ധം ചെയ്യാൻ പോയാൽ അപകടമാണെന്ന് ബ്രിട്ടീഷുകാർക്ക് അറിയാമായിരുന്നു. റാണാ രൺജിത്ത് സിങ് ഹൃദയസ്തംഭനമൂലം മരിച്ചതിനുശേഷം അവർ പഞ്ചാബിലേക്ക് പ്രവേശിച്ചത്. 1846ൽ പഞ്ചാബും ഹരിയാനയും ഹിമാചൽപ്രദേശും ഉൾപ്പെട്ട ലാഹോർ ഭൂപ്രദേശം ബ്രിട്ടീഷുകാരുടെ കൈയ്യിലായി. പിന്നീട് പതിനൊന്നു വർഷങ്ങൾക്കുശേഷം ബ്രിട്ടീഷുകാർ ഡൽഹിയിലെത്തി. അതായത് ബ്രിട്ടീഷുകാർ ഇന്ത്യ പിടിച്ചത് ക്ലോക് വൈസ് ആയിട്ടാണ്. അതുകൊണ്ടാണ് ടാഗോർ അദ്ദേഹത്തിന്റെ 'ജനഗണ മന' എഴുതിയപ്പോൾ ആന്റി ക്ലോക് വൈസ് ഡയറക്ഷനെടുത്തത്. 'പഞ്ചാബ്- സിന്ധ് ഗുജറാത്ത് മറാത്ത/ ദ്രാവിഡ ഉത്കല ബംഗാൾ...' എന്നിങ്ങനെ. 1913ൽ ടാഗോറിന് നൊബേൽ സമ്മാനം കിട്ടി. അതിനും രണ്ടുവർഷത്തിനുശേഷമാണ് ഗാന്ധിജിയുടെ ഇന്ത്യയിലേക്കുള്ള വരവ്. ചരിത്രപരമായി ഇന്ത്യയെ മനസ്സിലാക്കാനുള്ള ഒരവസരം ഗാന്ധിജിക്ക് വന്നുചേർന്നു. ഇത് വളരെശ്രദ്ധേയമായിട്ടുള്ള സംഭവമാണ്.

ഇന്ത്യ മുഴുവൻ സടകുടഞ്ഞ് എഴുന്നേറ്റുവെന്ന് ബ്രിട്ടീഷുകാർ മനസ്സിലാക്കിയപ്പോൾ ബ്രിട്ടീഷുകാർ മാർക്സ് മുള്ളറുടെ തിയറി പ്രയോഗിച്ചു. ഇന്ത്യയിലെ എസ്.സി/എസ്.ടി വിഭാഗക്കാരെല്ലാം ആഫ്രിക്കയിലെ നീഗ്രിറ്റോ വംശരാണ്. പിന്നീട് വന്നത് പോർട്ടോ അഫ്റോയിഡാണ്. അവർ മധ്യേഷ്യയിൽ നിന്നും ഇന്ത്യയിലേക്കും പിന്നീട് മലേഷ്യയിലും മറ്റും പോയി. പിന്നീട് വന്നത് ദ്രാവിഡ വംശജരാണ്. അവർ കൊറിനിയൻസാണ്. അതായത് ഇറാന്റെ അപ്പുറത്തുനിന്നും. പിന്നീട് വന്നത് കോലാരിയൻസാണ്. അവർ അഫ്ഗാനിസ്ഥാനിൽനിന്നും വന്നവരാണ്. പിന്നീട് വന്നത് ആര്യന്മാരാണ്. അവർ ബൊഹീമിയൻ നാട്ടിൽ നിന്നും വന്നവരാണ്. അതുകഴിഞ്ഞ് ഗ്രീക്കുകാർ വന്നു. ബാക്ട്രിയൻസ് വന്നു. കുശാന്മാർ വന്നു. ഹൂണൻമാർ വന്നു. സുൽത്താൻമാർ വന്നു. മുഗളൻമാർ വന്നു. പോർട്ടുഗീസുകാർ വന്നു. ഫ്രഞ്ചുകാരു വന്നു. ഡച്ചുകാരു വന്നു. ഒടുവിൽ ഇംഗ്ലീഷുകാരു വന്നു. അപ്പോൾ ഒരു ചോദ്യം അവശേഷിക്കുന്നു. ഇന്ത്യക്കാർ ആരാണ്? ഇന്ത്യക്കാർ ആരുമില്ല. ഇതാണ് മാർക്സ് മുള്ളറിന്റെ തിയറിയുടെ വങ്കത്തരം. ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രണ്ടാമത്തെ രാജ്യമാണ് ഇന്ത്യ. ഇന്ത്യയിലുള്ള ഒരാളും ഇന്ത്യാക്കാരനല്ല. ബ്രിട്ടീഷുകാർ പറഞ്ഞുവച്ചതെന്താണ്? ഹിന്ദുക്കൾ കുറച്ചു നേരത്തെ വന്നു. ഞങ്ങൾ കുറച്ചു കഴിഞ്ഞുവന്നു. രണ്ടുപേരും പുറത്തുനിന്നും വന്നവരാണ്. മുസ്ലീങ്ങളും പുറത്തുനിന്നും വന്നവരാണ്. ഇങ്ങനെയൊരു തെറ്റായ ചരിത്രം ഉണ്ടാക്കി ഇന്ത്യാക്കാരെ ഇന്ത്യക്കാരല്ലാതാക്കുന്ന ഒരു പരിപാടി. അവിടെയാണ് മുഴുവൻ ജനവിഭാഗങ്ങളെയും ഒന്നിച്ചു കൊണ്ടുവരാനുള്ള ഗാന്ധിജിയുടെ ചരിത്രം അവതരിപ്പിക്കുന്നത്.

ഗാന്ധിജി സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി എല്ലാവരേയും ഉൾ ക്കൊള്ളുന്ന ഒരു ചിന്താസരണി അവതരിപ്പിച്ചു. അവിടെ എല്ലാ ജനവിഭാഗങ്ങളേയും ഒന്നിച്ചുകൊണ്ടുവരാനുള്ള ശ്രമം ഉണ്ടായി. ആദ്യം ഇംഗ്ലീഷുകാർ ചെയ്തത് ഇവിടെയുള്ള ഹിന്ദുക്കളെ കൈയ്യിലെടുത്തു. കാരണം, ഭരിച്ചുകൊണ്ടിരിക്കുന്നത് മുസ്ലീങ്ങളാണ്. തെക്ക് ടിപ്പുസുൽത്താൻ മുസ്ലിമാണ്. നൈസാം മുസ്ലിമാണ്. മറാത്ത മാത്രമാണ് ഹിന്ദുക്കൾ. പഞ്ചാബ് സിക്കുകാരാണ്. ഹിന്ദുക്കളെ വശപ്പെടുത്തിയശേഷം മുസ്ലീം ഭരണാധികാരികളെ ഒന്നൊന്നായി തോല്പിക്കാൻ തുടങ്ങി. ആ ചരിത്രം 1850കൂടി അവസാനിച്ചു. അതു കഴിഞ്ഞപ്പോൾ മനസ്സിലായി ഹിന്ദുക്കൾ സടകുടഞ്ഞെഴുന്നേറ്റാൽ ഇന്ത്യയിൽ രക്ഷയില്ല. ഹിന്ദുക്കൾക്കെതിരെ ഒരു ഫോഴ്സിനെ ഓർ ഗനൈസ് ചെയ്യണം. മുസ്ലീം നേതാക്കന്മാരെ പ്രീണിപ്പെടുത്തി അവരെ മുൻനിരയിൽ കൊണ്ടുവന്നു. അവർക്ക് സഹായം ചെയ്ത് ആദ്യം ബംഗാളിനെ വിഭജിച്ചു. പിന്നീട് പഞ്ചാബിനെ വിഭജിച്ചു. ഹിന്ദു മുസ്ലീം ഡിവിഷനുണ്ടാക്കി. ലത്തീൻകാരുടെ തിയറിയാണ് ഡിവൈഡ് എംപ്രയർ. അങ്ങനെയാണ് ഹിന്ദു മുസ്ലീം വൈരത്തിന്റെ വൻവിത്തുകൾ ഇവിടെ പാകിയത്.

ഇന്ത്യയിലെ മഹാന്മാരായ ഭരണാധികാരികൾക്ക് ഈ വ്യത്യാസമൊന്നും ഉണ്ടായിരുന്നില്ല. വിജയനഗരത്തിലെ പ്രധാനപ്പെട്ട രാജാവിന്റെ മകൾ ബീഹാറിലെ മുസ്ലിം സുൽത്താന്റെ ഭാര്യയായിരുന്നു. അക്ബറിന്റെ ഭാര്യ ജോദാബായി ഹിന്ദുവായിരുന്നു. ജോദാബായിയോട് അദ്ദേഹം മുസ്ലിം ആകണമെന്ന് പറഞ്ഞില്ല. ആ ജോദാബായി പ്രസവിച്ച സലിമിനെ പിൻഗാമിയായ ജഹാംഗീറാക്കിക്കൊണ്ടു വന്നു. അക്ബറിന്റെ പ്രധാനമന്ത്രി ബീർബൽ ബ്രാഹ്മണനായിരുന്നു. അക്ബറിന്റെ ധനകാര്യമന്ത്രി വൈശ്യനായിരുന്നു. അക്ബറിന്റെ സർവ്വസൈന്യാധിപൻ മാൻസിംഗ് രജപുത്രനായിരുന്നു. അക്ബറിന്റെ പന്ത്രണ്ടംഗ മന്ത്രിസഭയിൽ പകുതി അമുസ്ലിങ്ങളായിരുന്നു. ഏറ്റവും അധികം ഹിന്ദുവിരോധം പറഞ്ഞ ഔറംഗസീബിന്റെ പ്രധാനമന്ത്രി രാജാ രഘുറാം ഹിന്ദുവായിരുന്നു. ഔറംഗസീബിന്റെ മന്ത്രിസഭയിലെ അഞ്ചു പേർ ഹിന്ദുക്കളായിരുന്നു. അദ്ദേഹത്തിന് എല്ലാവരേയും ഉൾക്കൊള്ളാൻ കഴിയുമായിരുന്നു. ടിപ്പു സുൽത്താന്റെ പ്രധാനമന്ത്രി പൂർണ്ണയ്യ ബ്രാഹ്മണനായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യമാരിൽ ഒരാളായ ഉണ്ണിച്ചാറ ഒരു മലബാറുകാരിയായ നായർസ്ത്രീയായിരുന്നു. ഉണ്ണിച്ചാറയോട് മുസ്ലിമാകാൻ ടിപ്പു പറഞ്ഞില്ല. പ്രാർത്ഥിക്കാനായി ഈ സ്ത്രീക്ക് ശ്രീരംഗം കൊട്ടാരത്തിനു സമീപത്തായി ഒരു ക്ഷേത്രം പണിതു നൽകിയിരുന്നു. ഇന്ത്യയിൽ അതുവരെയില്ലാതിരുന്ന ഒരു വിഭജനം ഈ രണ്ടു ജനവിഭാഗങ്ങൾക്കിടയിൽ ഉണ്ടാക്കിയത് ബ്രിട്ടീഷുകാർ ചെയ്ത ബോധപൂർവ്വമായ തന്ത്രമായിരുന്നു. ആ തന്ത്രത്തിനപ്പുറത്തായി മഹാത്മജി ആദ്യമായി ഇവരെ ഒന്നിപ്പിക്കാൻ ശ്രമിച്ചു. തുർക്കിയിലെ ഖലീഫയുടെ ഭരണം തകർത്തപ്പോൾ ബ്രിട്ടീഷുകാർക്കെതിരെ, ഖലീഫ പ്രസ്ഥാനം തകർത്തതിനെതിരെ, ഗാന്ധിജി ഇവിടെ ഖിലാഫത്ത് പ്രസ്ഥാനത്തിനു അനുകൂല സാഹചര്യം സൃഷ്ടിച്ചു. അത് ഒടുവിൽ മലബാറിൽ വർഗീയ കലാപമായി മാറിയത് ബ്രിട്ടീഷുകാരുടെ തന്ത്രമായിരുന്നു. അദ്ദേഹം പ്രാർത്ഥിക്കുമ്പോൾ ഒരു മതത്തിന്റെ മാത്രം പ്രാർത്ഥനയല്ല അദ്ദേഹം നടത്തിയത്. അദ്ദേഹത്തിന്റെ പ്രാർത്ഥനായോഗങ്ങളിൽ ഭഗവത്ഗീതയും വേദപുസ്തകവും ഖുർആനും വായിച്ചിരുന്നു. എല്ലാ മതങ്ങളേയും ഒരുപോലെ കണ്ട്, എല്ലാവർക്കും അവകാശങ്ങൾ നൽകി ഇന്ത്യയെ മതപരമായ വേർതിരിവിൽ നിന്നും മാറ്റിയെടുക്കാനും പരിശ്രമിച്ചു. ഇത് ചരിത്രപരമായ മുന്നേറ്റമായിരുന്നു. അതുവരെ ഒരു നേതാവിനും ചെയ്യാൻ കഴിയാത്തത് അദ്ദേഹത്തിനു കഴിഞ്ഞു. ബ്രിട്ടീഷുകാർ വിഭജിക്കുവാൻ ശ്രമിച്ച ഇന്ത്യയെ മതപരമായും സാമൂഹികപരമായും അദ്ദേഹം യോജിപ്പിച്ചു.

രണ്ടാമതായി, ബ്രിട്ടീഷുകാർ ചെയ്തത് ഇന്ത്യയെ ദരിദ്രമാക്കുക എന്നതായിരുന്നു. പണ്ഡിറ്റ് നെഹ്റു ഡിസ്കവറി ഓഫ് ഇന്ത്യയിൽ പറയുന്നു, ഇന്ത്യയിലെ ദാരിദ്ര്യത്തിന്റെ തോത് അറിയണോ, ബ്രിട്ടീഷുകാർ അവിടെ എത്രകാലം ഭരിച്ചുവെന്ന് നോക്കിയാൽ മതിയെന്ന്. ബ്രിട്ടീഷുകാർക്ക് ആദ്യം ഭരണം ലഭിച്ചത് ബംഗാളിലായിരുന്നു. ഇന്ത്യയിലെ ഏറ്റവും ദാരിദ്ര്യമുള്ള ഭൂപ്രദേശം ബംഗാളാണെന്നു കാണാം. പിന്നീട് അവർ ദീർഘകാലം ഭരിച്ചത് ബീഹാറും ഓറീസയുമാണ്. ഇന്ത്യയിലെ രണ്ടാമത്തെ ദാരിദ്ര്യം നേരിട്ടത് ഒറീസയിലും ബീഹാറിലുമാണെന്നു കാണാം. പീന്നീട് കൂടുതൽ കാലം ഭരിച്ചത് തെക്ക് ദ്രാവിഡ ഭൂപ്രദേശമായിരുന്നു. മൂന്നാമത്തെ ദാരിദ്ര്യമുള്ള ഭൂപ്രദേശം അവിടെയാണ്. നാലാമത് ഭരണം കിട്ടിയത് മറാത്തയും ഗുജറാത്തുമാണ്. നാലാമത്തെ ദരിദ്ര്യമുള്ള ഭൂപ്രദേശം അവിടെയാണ്. ബ്രിട്ടീഷുകാർക്ക് ഏറ്റവും അവസാനം കിട്ടിയത് പഞ്ചാബാണ്. ബ്രിട്ടീഷുകാർക്ക് ഒരിക്കലും നേരിട്ട് ഭരണം കിട്ടാതുപോയ ഭൂപ്രദേശം തിരുവിതാംകൂറും കൊച്ചിയുമാണ്. ഇന്ത്യയിൽ ഏറ്റവും സമ്പൽസമൃദ്ധവും ഏറ്റവും വിദ്യാസമ്പന്നരുമായ ജനവിഭാഗം ഈ രണ്ടു സ്ഥലത്താണെന്നു കാണാം, പഞ്ചാബിലും തിരുവിതാംകൂറിലും. കേരളത്തിലെ വടക്കൻപ്രദേശമായ മലബാർ അവർ ഭരിച്ചു. അതിനെയും ദാരിദ്ര്യത്തിലാക്കിയെന്നു കാണാം. ഒരു ഭരണക്രമം എന്നു പറയുന്നത് നാടിന് സമ്പത്തുണ്ടാക്കേണ്ടതാണ്. അത് ദാരിദ്യമുണ്ടാക്കുന്ന ഒന്നായി തീരാൻ പാടില്ല. രാമായണത്തിൽ വളരെ പ്രത്യേകതയുള്ള ഒന്നാണ് രാമരാജ്യം സ്ഥാപിച്ചു എന്നത്. എന്താണ് ഈ രാമരാജ്യം. വാല്മീകി വളരെ ഭംഗിയായിട്ട് രാമായണത്തിൽ പറഞ്ഞിട്ടുണ്ട്. ശ്രീരാമൻ യുദ്ധമെല്ലാം കഴിഞ്ഞ് അയോധ്യയിൽ ഭരണത്തിൽ കയറി. അദ്ദേഹം ധനകാര്യ മന്ത്രിയേയും സെക്രട്ടറിയേയും വിളിച്ചു. കരം കൂട്ടണമെന്നു അവർ പറഞ്ഞു. ശ്രീരാമൻ ജനങ്ങളോട് ചോദിച്ചു. ഈ രാജ്യത്ത് കരം കുറവാണോ? വളരെ കൂടുതലാണെന്നു അവർ പറഞ്ഞു. അങ്ങയുടെ മുത്തച്ഛൻ ദിലീപനുണ്ടല്ലോ, യുദ്ധത്തിനുപോയി. ദേവാസുരയുദ്ധം. അതിന്റെ ഫലമായി നമ്മുടെ രാജ്യം ദരിദ്രപൂർണ്ണമായിക്കൊണ്ടിരിക്കുന്നു. യുദ്ധത്തിന് ആരു പോയാലും ആ രാജ്യം ദാരിദ്ര്യത്തിൽപ്പെടും. ലോകത്തിലെ ഏറ്റവും സമ്പത് സമൃദ്ധമായ രാജ്യമായിരുന്നു അമേരിക്ക. അവർ ഇറാക്ക് യുദ്ധത്തിലേർപ്പെട്ടു. അങ്ങനെ അമേരിക്ക ദാരിദ്ര്യത്തിന്റെ ചൂടറിഞ്ഞു. ഞങ്ങൾ കൃഷി ചെയ്യാതായിട്ട് പത്തുപതിനഞ്ചു വർഷമായി. നാട്ടിലെ കൃഷിസ്ഥലങ്ങളെല്ലാം പാറപോലെ കിടക്കുകയാണ്. ശ്രീരാമൻ വളരെ ഭംഗിയായി ഒരു നിയമമുണ്ടാക്കി. ഉല്പാദനത്തിന്റെ ഇരുപതുശതമാനം നികുതിയാക്കി നിശ്ചയിച്ചു. ഉല്പാദനം വർദ്ധിപ്പിച്ചാൽ, അതായത് ഇരുനൂറ് പറ നെല്ലുണ്ടാക്കിയാൽ നാല്പതു പറ നെല്ല് രാഷ്ട്രത്തിനു നൽകിയാൽ മതി. കരം ഇരുപതു ശതമാനമാക്കി കുറച്ചപ്പോൾ അയോധ്യയിലെ ജന

# ഗാന്ധിസ്മൃതി

ങ്ങൾ കൃഷി ഇറക്കാൻ തുടങ്ങി. അയോധ്യ സസ്യശ്യാമളമായ, പ്രകൃതിരമണീയമായ അയോധ്യയായി. ഇതാണ് രാമരാജ്യമുണ്ടാകുവാനുള്ള കാരണം. ഇത് അഹല്യാമോക്ഷം കഥയായി നാം വായിക്കുന്നു. ഹിന്ദുരാജാക്കന്മാർ രാജ്യം ഭരിച്ചപ്പോൾ നികുതി ഇരുപതു ശതമാനമായിരുന്നു. സുൽത്താൻ മാർ ഇന്ത്യ ഭരിച്ചപ്പോൾ നികുതി 36 ശതമാനമാക്കി. മുഗളന്മാർ ഭരിച്ചപ്പോൾ നികുതി 46 ശതമാനമാക്കി. ബ്രിട്ടീഷുകാർ ഭരിച്ചപ്പോൾ 56 ശതമാനമാക്കി. അമ്പത്തിയാറ് ശതമാനം നികുതി നൽകിയിട്ട് കൃഷി ചെയ്യാനോ ആ കൃഷിയിൽ നിന്ന് മിച്ചംവയ്ക്കാനോ ഇന്ത്യാക്കാർക്ക് കഴിയാതായി. അങ്ങനെ ഇന്ത്യ ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തി.

ഇന്ത്യ സമ്പദ് സമൃദ്ധിയുള്ള രാഷ്ട്രമായിരുന്നു. നാനൂറ് വർഷങ്ങൾക്കു മുമ്പ് മിൽട്ടൻ പാരഡൈസ് ലോസ്റ്റ് എഴുതി. അതിൽ അളവില്ലാത്ത സമ്പത്താണ് സാത്താനുള്ളത് എന്ന് അവതരിപ്പിക്കണം. സാത്താന്റെ സ്വത്ത് ഹോമസിനും ഇന്തിനും തുല്യമാണെന്നു എഴുതി. ഹോമസ് എന്നു പറഞ്ഞാൽ ഇറാന്റെയും പാകിസ്ഥാന്റെയും ഇടയ്ക്കുള്ള തുറ

**ജീവിതരേഖ**

1869– ഒക്ടോബർ 2ന് ഗുജറാത്തിലെ പോർബന്തറിൽ ജനനം.
അച്ഛൻ കരംചന്ദ് ഗാന്ധി. അമ്മ പുത്‌ലി ബായി.
1876– രാജ്കോട്ട് പ്രൈമറി സ്കൂളിൽ പഠനം
1881– ഹൈസ്കൂൾ പഠനം
1882– കസ്തൂർബായെ വിവാഹം ചെയ്തു.
1887– മെട്രിക് പരീക്ഷ പാസായി. ഭവ്നഗറിലെ കോളജിൽ ചേർന്നു
1888– ബാരിസ്റ്റർ പരീക്ഷയ്ക്ക് ലണ്ടനിലേക്ക്
1891– ബാരിസ്റ്ററായി തിരിച്ച് ഇന്ത്യയിൽ വന്ന് വക്കാലത്ത് തുടങ്ങി.
1893– ദാദാ അബ്ദുള്ള ആന്റ് കമ്പനിയുടെ ക്ഷണപ്രകാരം ദക്ഷിണാഫ്രിക്കയിലേക്ക്.
1894– ആഫ്രിക്കയിലെ നേറ്റാൽ എന്ന സ്ഥലത്ത് സുപ്രീം കോടതി വക്കീലായി രജിസ്റ്റർ ചെയ്തു.
നേറ്റാൽ കോൺഗ്രസ് സ്ഥാപിച്ചു.
1899– ബോവർ യുദ്ധത്തിൽ മുറിവേറ്റ ഭടന്മാരെ ശുശ്രൂഷിക്കാൻ ആംബുലൻസ് കോർ എന്ന സംഘടന ഉണ്ടാക്കി.
1904– ഡർബനു സമീപം ഫിനിക്സ് ആശ്രമം സ്ഥാപിച്ചു.
ഇന്ത്യൻ ഒപ്പീനിയൻ എന്ന പത്രം തുടങ്ങി.
1906– ഏഷ്യാറ്റിക് രജിസ്ട്രേഷൻ ബില്ലിനെതിരെ പ്രക്ഷോഭം
1907– ബില്ലിനെതിരെ സത്യഗ്രഹം
1910– ട്രാൻസ്വാളിനടുത്ത് ടോൾസ്റ്റോയ് ഫാം സ്ഥാപിച്ചു.
1913– ദക്ഷിണാഫ്രിക്കയിലെ ഇന്ത്യക്കാരെ പീഡിപ്പിക്കുന്നതിനെതിരെ പ്രതിഷേധം സംഘടിപ്പിച്ചു.
1914– പ്രക്ഷോഭം വിജയിച്ചതിനെ തുടർന്ന് ഇന്ത്യയിലേക്ക്.
1915– ഗാന്ധിജി ബോംബെയിൽ എത്തി.
അഹമ്മദാബാദിൽ സത്യഗ്രഹാശ്രമം സ്ഥാപിച്ചു.
1917– സത്യഗ്രഹാശ്രമം സബർമതിയിലേക്ക് മാറ്റി, ചമ്പാരൻ സമരം.
1919– റൗലറ്റ് ആക്ടിനെതിരെ നിസ്സഹകരണ സമരം തുടങ്ങി.
1921– വിദേശവസ്ത്ര ബഹിഷ്കരണം തുടങ്ങി.
1922– അറസ്റ്റു ചെയ്തു. ആറു വർഷത്തെ തടവ് ശിക്ഷയ്ക്ക് വിധിച്ചു.
1924– ജയിൽ മോചിതനായി.
ഹിന്ദു- മുസ്ലീം സൗഹാർദ്ദത്തിനുവേണ്ടി 21 ദിവസത്തെ ഉപവാസം.
ബെൽഗാമിലെ കോൺഗ്രസ് സമ്മേളനത്തിൽ അധ്യക്ഷൻ.
1929– ലാഹോർ കോൺഗ്രസ് സമ്മേളനത്തിൽ പൂർണ്ണ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രമേയത്തെ തുടർന്നുള്ള പരിപാടി ഏറ്റെടുത്തു.
1930– ദണ്ഡിയാത്രയും ഉപ്പ് നിയമലംഘനവും. അറസ്റ്റ്
1931– ജയിൽമോചിതനായി. വട്ടമേശസമ്മേളനത്തിലെ കരാർ ലംഘിച്ചതിനെതിരെ ജയിൽ ഉപവാസം.
1933– അയിത്തത്തിനെതിരെയുള്ള പ്രവർത്തനം.
1942– ക്വിറ്റ് ഇന്ത്യ പ്രമേയും. അറസ്റ്റ്.
1944– കസ്തൂർബായും സെക്രട്ടറി മഹാദേവ ദേശായിയും ജയിലിൽ അന്തരിച്ചു.
1946– ഗാന്ധിജി നവഖാലിയിൽ
1947– ഗാന്ധിജി കൽക്കട്ടയിൽ
1948 – ജനുവരി 30ന് രക്തസാക്ഷിത്വം.



**മാജസ്റ്ററിലെയും ലിവർപൂളിലെയും വസ്ത്രം വിറ്റഴിക്കാനുള്ള വിപണിയല്ല ഇന്ത്യയെന്നു അദ്ദേഹം പറഞ്ഞു. ഡാക്ക മസ്ലിൻ പ്രസിദ്ധമായിരുന്നു. അതുണ്ടാക്കിയ നെയ്ത്തുതൊഴിലാളികളുടെ തള്ളവിരൽ മുറിച്ചുകളഞ്ഞു. തഞ്ചാവൂരിലേയും കാഞ്ചിപുരത്തേയും നെയ്ത്തുശാലകളെല്ലാം ബ്രിട്ടീഷുകാർ നശിപ്പിച്ചു.**

മുഖമാണ്. അവിടുത്തെ സ്വത്തുപോലെയും ഇന്ത്യക്കാരുടെ സ്വത്തുപോലെയുമാണ് സാത്താന്റെ സ്വത്തെന്ന് മിൽട്ടൻ എഴുതി. സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യം ഏറ്റവും പണക്കാരായി കണ്ടിരുന്നത് ഇന്ത്യയെയായിരുന്നു. ലോകത്തിലെ ആകെ ജി.ഡി.പിയുടെ ഇരുപതു ശതമാനം ഇന്ത്യയുടേതായിരുന്നു. ഇപ്പോൾ മൂന്നു ശതമാനത്തിൽ താഴെയാണ്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ പ്രധാനമന്ത്രിയായിരുന്നു സർ തോമസ് മൂർ. അദ്ദേഹം നല്ല ഭരണത്തെക്കുറിച്ച് ഒരു പുസ്തകമെഴുതി. യുട്ടോപ്പിയ എന്നായിരുന്നു അതിന്റെ പേര്. അതൊരു ആദർശരാജ്യമാണ്. ആ യുട്ടോപ്യയ്ക്ക് ഒരു തലസ്ഥാനം വേണം. ഏറ്റവും ഭംഗിയായി ഭരിക്കപ്പെടുന്ന സ്ഥലമായിരിക്കണം അത്. 1932ൽ തോമസ് മൂർ യുട്ടോപ്പിയയുടെ തലസ്ഥാനത്തിനു നൽകിയ പേര് കോഴിക്കോട് എന്നായിരുന്നു. സാമൂതിരി ഭരിക്കുന്ന കോഴിക്കോട്. അതായിരുന്നു സർ തോമസ് മൂറിന്റെ മനസ്സിലുള്ള ഉത്തമമായ സ്ഥലം. അങ്ങനെയൊരു ഇന്ത്യയെ നാനൂറു കൊല്ലങ്ങൾ കൊണ്ട് ബ്രിട്ടീഷുകാർ ദാരിദ്യത്തിലാക്കി മാറ്റി. പട്ടണങ്ങളിൽ വ്യവസായം ഉണ്ടാക്കി. ഗ്രാമങ്ങളിൽ നിന്നും പട്ടണത്തിലേക്ക് പണം വലിച്ചു. ഇംഗ്ലണ്ടിൽ ഇൻഡസ്ട്രിയുണ്ടാക്കി ഇന്ത്യയിലേക്ക് ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്ത്, ഇന്ത്യാക്കരെക്കൊണ്ട് അത് വാങ്ങിപ്പിച്ച് ഇവിടുത്തെ പണം ഇംഗ്ലണ്ടിലെത്തിച്ചു. ഒരു രാജ്യം നിലനിൽക്കണമെങ്കിൽ കരം പിരിക്കുന്ന തുക ജനങ്ങൾക്കായി വിനിയോഗിക്കപ്പെടണം. ഇതാണ് കാളിദാസൻ അഭിജ്ഞാനശാകുന്തളത്തിൽ കരം പിരിക്കുന്നത് എന്താണെന്ന് നമ്മെ പഠിപ്പിക്കുന്നത്. കാളിദാസൻ വിവരിക്കുന്നു. ഒരു ഉപമയിലൂടെയാണ് അത് അവതരിപ്പിച്ചത്. ഇതളുകളിൽ തങ്ങിനിൽക്കുന്ന മഞ്ഞുതുള്ളികളെ സൂര്യഭഗവാൻ ബാഷ്പീകരിച്ച് ആകാശത്തിൽ കൊണ്ടുപോയി, ആ ബാഷ്പം ഘനീഭവിച്ച് മഴയായി, ഭൂമിയിലെത്തി ഭൂമിയെ തണുപ്പിച്ച് വസന്തങ്ങൾ ഉതിർത്ത് അനേകം പുല്ക്കൊടികൾ, അനേകം മഞ്ഞുതുള്ളികൾ ഏറിനിൽക്കുന്ന ഹരിതാഭമായ പ്രകൃതി രംഗമായിട്ടാണ് അതിനെ വിവരിച്ചിരിക്കുന്നത്. ഞാനും നിങ്ങളുമാകുന്ന പ്രജയെ പുൽക്കൊടിയായും, പണത്തെ പുൽക്കൊടിയിൽ ഇരിക്കുന്ന മഞ്ഞുതുള്ളിയായും, സർക്കാരിനെ സൂര്യഭഗവാനായും, കരം പിരിക്കുന്നതിനെ മഞ്ഞുതുള്ളിയെ സൂര്യഭഗവാൻ ബാഷ്പീകരിക്കുന്ന പ്രക്രിയയായും, നമ്മൾ നൽകുന്ന കരം മഴയായി, ബജറ്റായി ജനോപകാരപ്രദമായി നൽകുന്ന ഭരണത്തെയാണ് ഈ ഉപമയിലൂടെ കാളിദാസൻ അവതരിപ്പിച്ചത്. ഇന്ത്യയിൽ കരം പിരിച്ചു. പക്ഷെ മഴ പെയ്തത് ഇംഗ്ലണ്ടിലാണ്. വ്യവസായ വിപ്ലവം നടന്നത് 1854ലാണ്. ഏഴുകൊല്ലം മുമ്പ് ഇന്ത്യയുടെ ഏറ്റവും സമ്പദ് സമൃദ്ധമായ ബംഗാൾ പ്ലാസി യുദ്ധത്തോടെ ബ്രിട്ടീഷുകാരുടെ കൈയ്യിലായി. ബംഗാളിലെ മുർഷിദാബാദ് പട്ടണം കണ്ടിട്ട് റോബർട്ട് ക്ലൈവ് എഴുതുകയാണ് ലണ്ടൻ പട്ടണത്തെക്കാൾ സമ്പദ്സമൃദ്ധമാണ് മുർഷിദാബാദ് എന്ന്. ബ്രിട്ടന്റെ വ്യവസായ വിപ്ലവത്തിന്റെ ഫലമായിട്ടുള്ള ഉല്പന്നങ്ങൾ ഇന്ത്യയെ കേന്ദ്രീകരിച്ചാണ് വിറ്റഴിച്ചിരുന്നത്. ഗാന്ധിജി ഇതു മനസ്സിലാക്കി. മാജസ്റ്ററിലെയും ലിവർപൂളിലെയും വസ്ത്രം വിറ്റഴിക്കാനുള്ള വിപണിയല്ല ഇന്ത്യയെന്നു അദ്ദേഹം പറഞ്ഞു. ഡാക്ക മസ്ലിൻ പ്രസിദ്ധമായിരുന്നു. അതുണ്ടാക്കിയ നെയ്ത്തുതൊഴിലാളികളുടെ തള്ളവിരൽ മുറിച്ചുകളഞ്ഞു. തഞ്ചാവൂരിലേയും കാഞ്ചിപുരത്തേയും നെയ്ത്തുശാലകളെല്ലാം ബ്രിട്ടീഷുകാർ നശിപ്പിച്ചു. എന്നിട്ട് ഇങ്ങോട്ടേക്ക് സാധനങ്ങൾ ഇറക്കുമതി ചെയ്തു. ഗാന്ധിജിയുടെ ആഹ്വാനപ്രകാരം വിദേശവസ്ത്രങ്ങൾ ബഹിഷ്കരിച്ചു. കത്തിക്കാൻ പറഞ്ഞു. കത്തിച്ചു. ഇന്ത്യക്കാർ നെയ്തുണ്ടാക്കുന്ന ഖദർ ഉടുത്ത് നടക്കുമെന്ന് പറഞ്ഞു. ഇന്ത്യയിലെ സാധാരണക്കാർ ഇന്ത്യയിൽ നിർമ്മിക്കുന്ന വസ്ത്രമേ ധരിക്കൂ. താനോ സാധാരണക്കാർ ധരിക്കുന്ന വസ്ത്രം മാത്രമെ ധരിക്കുകയുള്ളൂ. ഒരു കൗപീനവും ഒരു മുണ്ടും ഒരു മേൽമുണ്ടും. ഇതായിരുന്നു ഗാന്ധിജിയുടെ വേഷം. ഗാന്ധിജി ഇംഗ്ലണ്ടിൽ കപ്പലിൽ പോയി. കപ്പലിന്റെ ഒരു മുറിയിലും താമസിക്കുകയില്ലായെന്നു പറഞ്ഞു. കപ്പലിന്റെ ഡക്കിൽ താമസിച്ചു. മൂന്നു മാസമാണെന്നോർക്കണം. മഴ പെയ്താൽ ഡക്കിലേക്കാണ് വീഴുക. സൂര്യപ്രകാശം ഡക്കിലേക്കാണ് വീഴുന്നത്. മഴയും വെയിലും കൊണ്ടാണ് അദ്ദേഹം ഇംഗ്ലണ്ടിലെത്തിയത്. ബ്രിട്ടീഷുകാർ ഇന്ത്യയെ കൊള്ളയടിക്കുന്ന പ്രക്രിയയ്ക്കെതിരെ ഗാന്ധിജി അതിശക്തമായിട്ട് നീങ്ങി. ഇന്ത്യയുടെ സാമ്പത്തിക സ്വാതന്ത്ര്യം അദ്ദേഹം ഉയർത്തിപ്പിടിച്ചു. 1937ൽ പ്രവിശ്യ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് വിജയിച്ചു. ഭരണം കിട്ടിയപ്പോൾ കരം കുറയ്ക്കുവാൻ ഗാന്ധിജി പറഞ്ഞു. ഗ്രാമത്തിലേക്ക് പണം പോകണം. ഗ്രാമങ്ങളെ കൊള്ളയടിക്കുന്ന പട്ടണങ്ങൾ ഉണ്ടാകാൻ പാടില്ല. വിദേശവ്യാപാരികൾ ഇന്ത്യയെ കൊള്ളയടിക്കാൻ പാടില്ല. ഇത് അദ്ദേഹത്തിന്റെ രണ്ടാമത്തെ നേട്ടമായിരുന്നു.

# ഗാന്ധി പ്രശ്നോത്തരി

കാൻഫെഡ് മാവേലിക്കര താലൂക്കിന്റെ നേതൃത്വത്തിൽ നടന്ന വിദ്യാർത്ഥികൾക്കായുള്ള പ്രശ്നോത്തരി മത്സരത്തിലെ ചോദ്യങ്ങൾ – **ജോർജ് തഴക്കര**

1 ഗാന്ധിജിയുടെ പൂർണ്ണനാമം
A മോഹൻ കരംചന്ദ് ഗാന്ധി B മോഹൻദാസ് കരംചന്ദ് ഗാന്ധി
C മോഹൻദാസ് കരം ചന്ദ് ഗാന്ധിജി

2 ഗാന്ധിജിയെ 'മഹാത്മാവ്' എന്ന് വിശേഷിപ്പിച്ചത്?
A ടാഗോർ B നെഹ്റു, C വല്ലഭഭായ് പട്ടേൽ

3 ഗാന്ധിജിയുടെ ആത്മകഥയുടെ പേര്?
A എന്റെ സത്യാന്വേഷണ പരീക്ഷകൾ
B എന്റെ സത്യാന്വേഷണ പരീക്ഷണകഥ
C എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ

4 ഗാന്ധിജി ആദ്യമായി കേരളം സന്ദർശിച്ച വർഷം
A 1932 B 1920 C 1922

5 കുട്ടിക്കാലത്ത് ഗാന്ധിജിയെ സ്വാധീനിച്ച നാടകം
A ഹരിശ്ചന്ദ്രൻ B ദുർഗേശനന്ദിനി
C ഉത്തരരാമായണം

6 ഏതു കമ്പനിയുടെ കേസു വാദിക്കാനാണ് ആദ്യമായി ഗാന്ധി സൗത്ത് ആഫ്രിക്കയിലേക്ക് പോയത്?
A ദാദാ അബ്ദുള്ള ആന്റ് കമ്പനി B ഈസ്റ്റ് ഇന്ത്യ കമ്പനി
C അബ്ദുള്ള ദാദാ കമ്പനി

7 ഗാന്ധിജിയുടെ അമ്മയുടെ പേര്
A സരോജ് ബായി B പുത്‌ലിബായി C ഗൗരിബായി

8 ഗാന്ധിജിയെപ്പറ്റിയുള്ള ആദ്യ മലയാളപുസ്തകം എഴുതിയത്?
A സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള B കെ. കേളപ്പൻ
C കെ. മാധവൻനായർ

9 'എന്റെ ഗുരുനാഥൻ' എന്ന കവിത എഴുതിയത് ?
A ഉള്ളൂർ B വള്ളത്തോൾ C ബോധേശ്വരൻ

10 ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ആരംഭിച്ച പത്രം
A യങ് ഇന്ത്യ B ഹരിജൻ C ഇൻഡ്യൻ ഒപ്പീനിയൻ

11 ഗാന്ധിജിയുടെ രാഷ്ട്രീയഗുരു
A ബാലഗംഗാധര തിലകൻ B ഗോപാലകൃഷ്ണ ഗോഖലെ
C ദാദാ ഭായി നവറോജി

12 ഗാന്ധിജിയെ രാഷ്ട്രപിതാവ് എന്ന് ആദ്യം വിശേഷിപ്പിച്ചത്?
A സരോജിനി നായിഡു B മോട്ടിലാൽ നെഹ്റു
C സുഭാഷ് ചന്ദ്രബോസ്

13 ഗാന്ധിജി എഴുതി പ്രസിദ്ധീകരിച്ച ആദ്യപുസ്തകം?
A ഹിന്ദ് സ്വരാജ് B യങ്ങ് ഇന്ത്യ
C എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ

14 1910ൽ ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽ ആരംഭിച്ച ആശ്രമം
A ടോൾസ്റ്റോയി ഫാം B ഫീനിക്സ് C സബർമതി

15 ഗാന്ധിജിയുടെ പ്രഥമ ശിഷ്യൻ
A ബാബ ആംതെ B ആനി ബസന്റ്
C വിനോബാ ഭാവെ

16 ഗാന്ധിജിയെ സ്വാധീനിച്ച 'അൺ ടു ദ ലാസ്റ്റ്' എന്ന കൃതിയുടെ കർത്താവ് ?
A ടോൾസ്റ്റോയി B ജോൺ റസ്കിൻ C റൂസോ

17 ഗാന്ധിജി ഇന്ത്യയിൽ ആരംഭിച്ച ആദ്യ പത്രം?
A ഹരിജൻ B യങ് ഇന്ത്യ C ഇന്ത്യൻ ഒപ്പീനിയൻ

18 ഗാന്ധിയെ 'ഫക്കീർ' എന്ന് വിളിച്ചാക്ഷേപിച്ച ബ്രിട്ടീഷ് പ്രധാനമന്ത്രി
A ചേംബർലെയ്ൻ B ക്ലെമൻറ് ആറ്റ്ലി
C വിൻസ്റ്റൺ ചർച്ചിൽ

19 'ആരമ്മേ ഗാന്ധി' എന്ന കവിത എഴുതിയത് ?
A വെണ്ണിക്കുളം B വള്ളത്തോൾ C ആശാൻ

20 ഗാന്ധിജി ഉപ്പുനിയമം ലംഘിച്ച കടൽപ്പുറം
A ബേപ്പൂർ B ദണ്ഡി C ജൂഹു

21 "മുൻവരിപ്പല്ലുകൾ പൊയ്പ്പോയ/ മോണകാട്ടിച്ചിരിച്ചൊരാൾ ചമ്രം പടിഞ്ഞിരിക്കുന്ന/ പടം നീ കണ്ടതില്ലയോ?" ആരുടെ വരികളാണിത്.
A വെണ്ണിക്കുളം B ഉള്ളൂർ C വള്ളത്തോൾ

22 ഏതു കൃഷിയുമായി ബന്ധപ്പെട്ടതാണ് ചമ്പാരൻ സത്യഗ്രഹം?
A നീലം B പരുത്തി C കരിമ്പ്

23 ടാഗോർ ആദ്യമായി ഗാന്ധിജിയെ കാണുന്നത് എവിടെവച്ച്?
A ബിർള ഹൗസ് B രാമകൃഷ്ണമഠം
C ശാന്തിനികേതൻ

24 ഗാന്ധിജിയുടെ സമാധിസ്ഥലം
A രാജ്ഘട്ട് B വിജയ്ഘട്ട് C ശക്തിസ്ഥൽ

25 ഗാന്ധിജിയെ കുട്ടിക്കാലത്ത് വിളിച്ചിരുന്ന പേര്
A ഹരിശ്ചന്ദ്രൻ B മനു C രാമൻ

26 ഗാന്ധിജി ജനിച്ച വീടിന്റെ പേര്
A ശ്രേഷ്ഠമന്ദിർ B കീർത്തിമന്ദിർ C ഗുരുമന്ദിർ

27 ഹരിജൻ പത്രം ആരംഭിച്ചത് ഏതു ഭാഷയിലാണ്
A ഇംഗ്ലീഷ് B ഗുജറാത്തി C ബംഗാളി

28 കന്യാകുമാരി സന്ദർശനവേളയിൽ ഗാന്ധിജിക്ക് ആഭരണം ഊരി നൽകിയ പെൺകുട്ടി?
A സാവിത്രി B കൗമുദി C രാധിക

29 ചർക്ക സംഘം സ്ഥാപിച്ച വർഷം
A 1919 B 1925 C 1930

30 ഗാന്ധിജിയെ "ഒറ്റയാൾ പട്ടാളം" എന്നു വിശേഷിപ്പിച്ചത്
A ഇർവിൻ പ്രഭു B മൗണ്ട് ബാറ്റൻ C മെക്കാളെ

31 "അദ്ദേഹത്തിന്റെ ശബ്ദം നേർത്തതായിരുന്നു. പക്ഷേ, ജനകോടികളുടെ ആർപ്പുവിളികൾക്കിടയിൽ ആ ശബ്ദം ഉയർന്നുകേട്ടു." ഇതു പറഞ്ഞത്?
A സുഭാഷ് ചന്ദ്രബോസ് B നെഹ്റു C പട്ടേൽ

32 'പൂർണ്ണ സ്വരാജ്' പ്രഖ്യാപനം നടത്തിയ കോൺഗ്രസ് സമ്മേളനം
A ലാഹോർ B ഹരിപുര C കൊൽക്കത്ത

33 ഗാന്ധിജിയുടെ 'ആത്മകഥ' മലയാളത്തിലേക്ക് വിവർത്തനം ചെയ്തത്
A ഡോ.ജോർജ് ഓണക്കൂർ B ഡോ.ജോർജ് ഓലിക്കൽ
C ഡോ.ജോർജ് ഇരുമ്പയം

34 ഗാന്ധിജിയുടെ ആത്മകഥയിൽ പരാമർശിക്കുന്ന ഏക മലയാളി
A ജി.കുമാരപിള്ള B ജി.പരമേശ്വരപിള്ള
C ചങ്ങനാശേരി പരമേശ്വരപിള്ള

35 ആദ്യ വട്ടമേശസമ്മേളനം നടന്നത്
A ബക്കിംഗ്ഹാം പാലസ് B ക്രെംലിൻ പാലസ്
C സെന്റ് ജെയിംസ് പാലസ്

36 ഇന്ത്യൻ ഒപ്പീനിയൻ പത്രത്തിന്റെ ആദ്യ പത്രാധിപർ
A ഗാന്ധിജി B മൻസുഖ്‌ലാൽ നാസർ
C ഫിറോഷാ മേത്ത

37 ഗാന്ധിജിയുടെ ആത്മകഥ പുസ്തകരൂപത്തിൽ ആദ്യമായി പ്രസിദ്ധീകരിച്ച വർഷം
A 1930 B 1927 C 1926

38 ഗാന്ധിജി ശിവഗിരി സന്ദർശിച്ചത്
A 1925 മാർച്ച് 12 B 1925 മാർച്ച് 21
C 1925 മാർച്ച് 20

39 "ഇങ്ങനെ ഒരു മനുഷ്യൻ രക്തമാംസങ്ങളിൽ ഈ ഭൂമുഖത്ത് ജീവിച്ചിരുന്നുവെന്ന് ഭാവിതലമുറ വിശ്വസിച്ചെന്നുവരില്ല." പറഞ്ഞതാര്?
A പേൾ എസ്. ബക്ക് B ചാർളി ചാപ്ലിൻ
C ആൽബർട്ട് ഐൻസ്റ്റീൻ

40 ആരുടെ നേതൃത്വത്തെ തുടർന്നാണ് ഗാന്ധിജി ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ അനിഷേധ്യ നേതാവായത്
A ആനി ബസന്റ് B ഗോപാലകൃഷ്ണ ഗൊഖലെ
C ബാലഗംഗാധരതിലകൻ

*ഉത്തരം കണ്ടെത്തുക*

41 ഗാന്ധിജിയുടെ പേരിൽ ഭാരതസർക്കാർ ഏർപ്പെടുത്തിയ പുരസ്കരം?
42 ജാലിയൻ വാലാബാഗ് കൂട്ടക്കൊല നടന്ന വർഷം?
43 ഗാന്ധിജിയുടെ സന്തതസഹചാരികളായ വളർത്തുമക്കളെന്നു വിശേഷിപ്പിക്കുന്നവർ?
44 ഗാന്ധിജിയെ ഫക്കീർ എന്നു വിളിച്ച ബ്രിട്ടീഷ് ഭരണാധികാരി?
45 ഗാന്ധിജിയുടെ ജീവചരിത്രം എഴുതിയ ഫ്രഞ്ചു നോവലിസ്റ്റ്?
46 "മൈ ലിറ്റിൽ ഡിക്ടേറ്റർ" എന്നു ഗാന്ധിജി സ്വയം വിശേഷിപ്പിച്ചത് എന്തിനെയാണ്?
47 പ്രവാസിദിനം ജനുവരി 9ന്. ഇതിന്റെ പ്രധാന്യം എന്ത്?
48 ഗാന്ധിജി വെടിയേറ്റു വീണ ബിർളമന്ദിരം അറിയപ്പെടുന്നത് ഏത് പേരിലാണ്.
49 രണ്ടാം വട്ടമേശസമ്മേളനത്തിന് ലണ്ടനിലേക്ക് ഗാന്ധിജി പോയ കപ്പലിന്റെ പേര്
50 'അതിർത്തി ഗാന്ധി' എന്ന പേരിൽ അറിയപ്പെടുന്ന വ്യക്തി?
51 ഗാന്ധിജി നിയമ വിദ്യാഭ്യാസം നടത്തിയ ഇംഗ്ലണ്ടിലെ സ്ഥാപനം?
52 'ചമ്പാരൻ' സത്യഗ്രഹം നടന്ന വർഷം?
53 ഗാന്ധിജിയുടെ കേരള സന്ദർശനകാലത്തെ തിരുവിതാംകൂർ ഭരണാധികാരി ?
54 ഗാന്ധിജിയുടെ ഇഷ്ടഗാനം 'വൈഷ്ണവ ജനതോ...' എഴുതിയത് ആര്?
55 "നയി താലീം" എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത്?
56 ഗാന്ധിജി 'കൈസർ-ഇ-ഹിന്ദ്' ബഹുമതി തിരിച്ചുനൽകിയ സംഭവം
57 "ആധുനികകാലത്തിന്റെ അദ്ഭുതം" എന്ന് ഗാന്ധിജി വിശേഷിപ്പിച്ചത് എന്തിനെയാണ്?
58 'ഗാന്ധി' ചലച്ചിത്രത്തിന്റെ നിർമ്മാതാവിന്റെ പേര്?
59 ദക്ഷിണാഫ്രിക്കയിലെ ഏതു സ്റ്റേഷനിൽവച്ചാണ് ഗാന്ധിജിയെ വർണവിവേചനത്തിന്റെ പേരിൽ പുറത്താക്കിയത്?
60 ഗാന്ധിജിയുടെ ആത്മകഥ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത്?

ഉത്തരം

41 ഗാന്ധി പീസ് ഫൗണ്ടേഷൻ 42. 1919 43. മനു ആഭ
44 വിൻസ്റ്റൺ ചർച്ചിൽ 45 റോമാൻ റൊളാങ്ട്
46 തുക്കു ഘടികാരം
47 ഇന്ത്യയിലേക്ക് മടങ്ങിയതിന്റെ സ്മരണാർത്ഥം
48 ഗാന്ധിസദൻ 49 എസ്.എസ്.പുത്താന
50 ഖാൻ അബ്ദുൾ ഗാഫർ ഖാൻ
51 ഇന്നർ ടെമ്പിൾ 52. 1917
53 റാണി സേതു ലക്ഷ്മീബായി
54 നരസിംഹ മേത്ത
55 അടിസ്ഥാന വിദ്യാഭ്യാസം
56 ജാലിയൻ ബാലാബാഗ് കൂട്ടക്കൊല
57 ക്ഷേത്രപ്രവേശനവിളംബരം
58 റിച്ചാർഡ് ആറ്റൻബറോ
59 മാരിസ് ബർഗ്
60 മഹാദേവ് ദേശായി

| | | | |
|---|---|---|---|
| 1 B | 2 A | 3 C | 4 B |
| 5 A | 6 A | 7 B | 8 A |
| 9 B | 10 C | 11 B | 12 C |
| 13 A | 14 B | 15 C | 16 B |
| 17 B | 18 C | 19 A | 20 B |
| 21 A | 22 A | 23 C | 24 A |
| 25 B | 26 B | 27 A | 28 B |
| 29 B | 30 B | 31 B | 32 A |
| 33 C | 34 B | 35 C | 36 B |
| 37 B | 38 B | 39 C | 40 C |




# നന്ദിയുടെ പുതിയഭാഷ്യം



**ടി.പി.ശാസ്തമംഗലം**

**ന**ന്ദി എന്ന വാക്കിന് എത്രത്തോളം അർത്ഥവ്യാപ്തിയുണ്ട്? അതറിയണമെങ്കിൽ 1992ൽ പ്രദർശനത്തിനു വന്ന ‘അഹം’ എന്ന ചിത്രത്തിലെ ഈ ഗാനം ശ്രദ്ധിക്കണം.

*നന്ദിയാരോടു ഞാൻ ചൊല്ലേണ്ടു- ഭൂമിയിൽ*
*വന്നവതാരമെടുക്കാനെനിക്കന്നു*
*പാതിമെയ്യായ പിതാവിനോ, പിന്നതിൽ*
*പാതിമെയ്യായ മാതാവിനോ, പിന്നെയും*
*പത്തുമാസം ചുമന്നെന്നെ ഞാനാക്കിയ*
*ഗർഭപാത്രത്തിനോ?*

കോന്നിയൂർ ഭാസ് എഴുതി രവീന്ദ്രൻ സംഗീതം പകർന്ന് യേശുദാസ് പാടിയ ഗാനമാണിത്. ഈ ഗാനം കോന്നിയൂർ ഭാസ് ഈ ചിത്രത്തിനുവേണ്ടി എഴുതിയതൊന്നുമല്ല. അദ്ദേഹം മുമ്പെഴുതിയ കവിത ചിത്രത്തിനുവേണ്ടി ഗാനമാക്കി മാറ്റി ഉപയോഗപ്പെടുത്തുകയായിരുന്നു. (ഈ ചിത്രത്തിലെ മറ്റു ഗാനങ്ങൾ എഴുതിയിരിക്കുന്നത് കാവാലം നാരായണപ്പണിക്കരാണ്.)

ആരാണ് ഈ കോന്നിയൂർ ഭാസ്? പത്തനംതിട്ട ജില്ലയിലെ കോന്നി എന്ന മലയോരഗ്രാമത്തിൽ 1951 ജൂൺ മാസം 16ന് എൻ.കെ.നീലകണ്ഠൻ നായരുടെയും കെ.ആർ. രത്നമ്മയുടെയും മകനായി പിറന്ന ചന്ദ്രദാസ് ആണ് പിൽക്കാലത്ത് കോന്നിയൂർ ഭാസായി മാറിയത്. ഹൈസ്കൂൾ വിദ്യാഭ്യാസവും സംസ്കൃതത്തിൽ സാഹിത്യവിശാരദും കഴിഞ്ഞ് സാഹിത്യമണ്ഡലത്തിലേക്കു പദമൂന്നിയ ഭാസിന് ചുമക്കേണ്ടിവന്നത് കുടുംബപ്രാരാബ്ധങ്ങളുടെ ഭാണ്ഡങ്ങളായിരുന്നു. അതുകൊണ്ടുതന്നെ കണ്ണീരിന്റെ നനവുള്ളതായിരുന്നു അദ്ദേഹത്തിന്റെ കവിതകൾ. ചലച്ചിത്രപത്രപ്രവർത്തകനായും സഹസംവിധായകനായും മാറിയ ഭാസ് കുറെ ചിത്രങ്ങൾക്കുവേണ്ടി ഗാനരചനയും നിർവ്വഹിച്ചു. ഒടുവിൽ 1996 ഡിസംബർ 2ന് ഈ ലോകത്തോടുതന്നെ നന്ദി പറഞ്ഞ് മടങ്ങിപ്പോയി.

അവിവാഹിതനായി കഴിഞ്ഞിരുന്ന കോന്നിയൂർ ഭാസിന്റെ ആത്മകഥാംശം മുറ്റിയ ഗാനമാണിത്. ഭൂമിയിൽ ജീവിക്കാൻ അവസരം ലഭിച്ചതിലുള്ള നന്ദി ആരോടൊക്കെയാണ് പറയേണ്ടതെന്ന് അറിയാതെ മനസ്സു തളർന്ന് അദ്ദേഹം പാടിയ വരികളാണിവ. സ്ത്രീപുരുഷ സമാഗമമാണ് പിറവിക്കു കാരണമാകുന്നത്. അത് പ്രകൃതിനിയമമാണ്. അതിൽ അച്ഛനുമമ്മയ്ക്കും തുല്യപങ്കാണുള്ളത്. വലതുഭാഗത്തു ശിവന്റെ വലതു പകുതിയും, ഇടതുഭാഗത്തു പാർവതിയുടെ ഇടതു പാതിയും ചേർന്നുള്ള അർദ്ധനാരീശ്വരൻ എന്ന പൗരാണിക സങ്കല്പവും ഇവിടെ സൂചിതമാകുന്നുണ്ട് എന്നു പറയാം. ശിവനും പാർവതിയും തമ്മിലുള്ള ഭാര്യാഭർത്തൃബന്ധത്തിന്റെ ആത്യന്തിക ദാർഢ്യത്തോടൊപ്പം പുരുഷനായ ശിവനും പ്രകൃതിയായ പാർവതിയും തമ്മിലുള്ള ബന്ധം പ്രപഞ്ചത്തിന്റെ ഉല്പത്തിക്കു കാരണമാണ് എന്നുള്ള ആശയവും അർദ്ധനാരീശ്വരസങ്കല്പത്തിലടങ്ങിയിട്ടുണ്ട്. അണ്ഡവും പുംബീജവും സംയോജിച്ച് സിക്താണ്ഡം ആയിക്കഴിഞ്ഞാൽ പിന്നെ പത്തുമാസം ചുമക്കേണ്ടത് അമ്മയുടെ ഗർഭപാത്രത്തിന്റെ കടമയാണ്. അതുകൊണ്ട് അതിനോടും താൻ നന്ദി പറയാൻ ബാദ്ധ്യസ്ഥനാണ് എന്ന പക്ഷമവതരിപ്പിക്കുകയാണ് ഗാനത്തിലൂടെ കോന്നിയൂർ ഭാസ്.

*പൊട്ടിക്കരഞ്ഞു കൊണ്ടൂഴിയിലാദ്യമായ്*
*ഞാൻ പെറ്റുവീണ ശുഭമുഹൂർത്തത്തിനോ*
*രക്തബന്ധം മുറിച്ചന്യനായ്ത്തീരുവാ-*
*നാദ്യം പഠിപ്പിച്ച പൊക്കിൾക്കൊടിയൊടോ?*

ഏതൊരു വ്യക്തിയും ഭൂമിയിൽ പിറക്കുന്ന സമയത്തിനു വലിയ പ്രാധാന്യമുണ്ട്. അതിനെ അടിസ്ഥാനപ്പെടുത്തിയാണല്ലോ നാം ഗ്രഹനിലയും മറ്റും ഗണിക്കുന്നത്. പ്രസവിച്ചാലുടൻ കുഞ്ഞു കരയുന്നത് പതിവാണ്. ശരീരത്തിന്റെ എല്ലാ ഭാഗത്തും രക്തമെത്താനും അവയവങ്ങൾ പ്രവർത്തനസജ്ജമാവാനും ഈ കരച്ചിൽ അനിവാര്യമാണെന്ന് വൈദ്യശാസ്ത്രവും സാക്ഷ്യപ്പെടുത്തുന്നു.

പൊക്കിൾക്കൊടിയിലൂടെയാണ് കുഞ്ഞിന്റെ വളർച്ചയ്ക്കാവശ്യമായതെല്ലാം ഗർഭകാലത്ത് അവന് (അവൾക്ക്) ലഭിക്കുന്നത്. പ്രസവാനന്തരം കുഞ്ഞിന്റെ പൊക്കിൾക്കൊടി മുറിയ്ക്കുന്നു. സത്യത്തിൽ അതു മുതലാണ് കുഞ്ഞ് സ്വതന്ത്രമാവുന്നത്. ആദ്യമായി അന്യനായിത്തീരുന്നത് ഈ പ്രക്രിയയിലൂടെയാണ്. ഇങ്ങനെ ഒരാളുടെ ജീവിതത്തിൽ പലപല ഘട്ടങ്ങൾ നടമാടുന്നു. അവയിൽ ഏതിനോടൊക്കെയാണ് താൻ നന്ദി പറയേണ്ടത് എന്നാണ് കവിയുടെ ചോദ്യം. അത്യന്തം ചിന്തോദ്ദീപകമാണ് ഈ ഗാനത്തിലെ ഓരോ വരിയും. നഗ്നയാഥാർത്ഥ്യങ്ങൾ വിളിച്ചു പറയുന്ന തരത്തിൽ രചിച്ച ഈ ഗാനം അതിനു യോജിച്ച വിധത്തിൽ ശുദ്ധധന്യാസിനി രാഗത്തിന്റെ പിൻബലത്തോടെയാണ് രവീന്ദ്രൻ ചിട്ടപ്പെടുത്തിയത്. യേശുദാസ് പാടിയ ഗാനം അതീവ ഹൃദ്യമാക്കുകയും ചെയ്തു.

*മാഞ്ഞുപോകുന്നു ശിരോലിഖിതങ്ങളും*
*മായുന്നു മാറാല കെട്ടിയ ചിന്തയും*
*പകിടപന്ത്രണ്ടും കളിച്ച സ്വപ്നങ്ങളേ*
*പലകുറി നിങ്ങൾക്കു സ്വസ്തിയേകട്ടെ ഞാൻ.*

എന്നീ വരികളോടെയാണ് ഗാനം അവസാനിക്കുന്നത്. മനുഷ്യന്റെ ജീവിതത്തിലെ എല്ലാ സംഭവങ്ങളും ജനിക്കുന്നതിന് മുമ്പുതന്നെ തലയോട്ടിയിൽ എഴുതിവച്ചിട്ടുണ്ടായിരിക്കും എന്ന സങ്കല്പവും വിശ്വാസവും സഹസ്രാബ്ദങ്ങളായി നിലനിന്നുപോരുന്നുണ്ട്. പൂർവ്വജന്മങ്ങളിലെ കർമ്മങ്ങൾ അനുസരിച്ചായിരിക്കും ഈ രേഖകളുടെ സ്ഥാനവും സ്വഭാവവും എന്നു കരുതുന്നവരുണ്ട്. വിധി എന്ന സങ്കല്പമാണ് തലയിലെഴുത്തെന്ന വിശ്വാസത്തിനാധാരം എന്നു പറയാം. കുഞ്ഞ് വലുതായിക്കഴിഞ്ഞതോടെ ജീവിതത്തിലെ പ്രതിസന്ധിഘട്ടങ്ങളെ തരണം ചെയ്യേണ്ടതായി വന്നു. ശിരോലിഖിതങ്ങൾ (തലേലെഴുത്ത്) മാഞ്ഞുപോയതായി പറഞ്ഞുകൊണ്ട് മനുഷ്യന് അഭിമുഖീകരിക്കേണ്ടി വരുന്ന ദുർവിധിയെ ശപിക്കുകയാണ് പാട്ടെഴുത്തുകാരൻ.

പ്രായമാകുമ്പോൾ ചിന്തകൾക്കും മങ്ങലേല്ക്കും. ജീവിതപ്രാരാബ്ധങ്ങളുടെ മാറാല കെട്ടിയതുകൊണ്ടാണ് അവ മായുന്നതെന്ന കാരണമാണ് കവിക്കു പറയാനുള്ളത്. ഭാരതത്തിൽ പണ്ടു പ്രചാരത്തിലുണ്ടായിരുന്നതാണ് പകിടകളി. പിച്ചള, ഓട്, ചെമ്പ്, മരം തുടങ്ങിയ വസ്തുക്കളിൽ ഏതെങ്കിലും ഒരെണ്ണം കൊണ്ടാണ് അതു നിർമ്മിക്കുന്ന്. നാലു വശങ്ങളുള്ള അറ്റം ഉരുണ്ട ദീർഘചതുരാകൃതിയിലുള്ള പകിടയുടെ ഒരുവശത്ത് അടയാളങ്ങൾ ഒന്നും ഉണ്ടാവുകയില്ല. മറ്റുവശങ്ങളിൽ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് അടയാളങ്ങൾ ഉണ്ടാകും. രണ്ടു പകിടകൾ കൈവെള്ളയിൽ ചേർത്തുവച്ച് ഉരുട്ടി താഴെ വച്ചിരിക്കുന് ഇരുപത്തഞ്ചു കോഷ്ടങ്ങളുള്ള കളിക്കളത്തിലേക്ക് ഉരുട്ടിവിടുന്നു. പകിട വീഴുന്നതനുസരിച്ചുള്ള എണ്ണം വരച്ചിരിക്കുന്ന കളങ്ങളിൽ കയറ്റിവച്ച് അടയാളപ്പെടുത്തിക്കൊണ്ടിരിക്കും. പന്ത്രണ്ടു വരുന്നതാണ് വിജയമായി കണക്കാക്കുന്നത്. ആ പന്ത്രണ്ടു വരണമെന്നുള്ള അഭിലാഷത്തിന്റെ പുറത്താണ് ‘പകിട പകിട പന്ത്രണ്ട്’ എന്നു പറഞ്ഞ് പകിട കളിക്കുന്നത്. ഇവിടെ നായകന്റെ സ്വപ്നങ്ങൾ പകിട പന്ത്രണ്ടും കളിച്ചതായി രചയിതാവ് അറിയിക്കുന്നു. ആ സ്വപ്നങ്ങൾക്ക് പലകുറി സ്വസ്തി (സു+അസ്തി, നല്ലതുവരട്ടെ, മംഗളം ഭവിക്കട്ടെ) ഏകട്ടെ എന്നാണ് ഗാനരചയിതാവിന്റെ ആശംസ. (ആശീർവാദം, മംഗളം, ക്ഷേമം എന്നീ അർത്ഥങ്ങളിൽ സ്വസ്തി നാമമായിട്ടും പ്രയോഗിക്കാറുണ്ട്.)

ഈ ഗാനത്തിന്റെ വിജയലഹരി കെട്ടടങ്ങുംമുമ്പ് കോന്നിയൂർ ഭാസിന്റെ വിയോഗമുണ്ടായി. അദ്ദേഹം അന്തരിച്ചപ്പോൾ പലരും ഈ ഗാനത്തിന്റെ വരികൾ അനുസ്മരണക്കുറിപ്പുകളിലും മറ്റും ഉദ്ധരിച്ചു. അറം പറ്റിയ വരികൾ എന്നുവരെ ചിലർ അഭിപ്രായപ്പെട്ടു. അത് ഒരു പരിധിവരെ ശരിയാണ്. ഇന്നും എന്നും പ്രസക്തിയുള്ളതാണ് ഈ ഗാനത്തിന്റെ വരികൾ.